15 -ാം കേരള നിയമസഭ

13 -ാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 64 | 11-02-2025 - ൽ മറുപടിയ്ക്ക്

ഇറിഗേഷൻ ടൂറിസം പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. പ്രമോദ് നാരായൺ,<br>ഡോ. എൻ. ജയരാജ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലവിഭവ വകുപ്പിന്റെ ആഭിമുഖ്യത്തിലുള്ള ഇറിഗേഷൻ ടൂറിസം പദ്ധതിയുടെ വിശദാംശം അറിയിക്കുമോ; | (എ) | ജലവിഭവ വകുപ്പിന് കീഴിലുള്ള അണക്കെട്ടുകളും മറ്റ് ജലസേചന നിർമ്മിതികളും അതിനോടനുബന്ധിച്ച സ്ഥലങ്ങളും വിനോദസഞ്ചാര കേന്ദ്രങ്ങളായി വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന ഒരു പദ്ധതിയാണ് ഇറിഗേഷൻ ടൂറിസം പദ്ധതി. ഈ പദ്ധതിയിലൂടെ പൊതുജനങ്ങൾക്ക് കൂടുതൽ ഗുണമേന്മയുള്ള ടൂറിസം സൗകര്യങ്ങൾ നൽകുന്നതോടൊപ്പം സർക്കാരിലേക്ക് കൂടുതൽ വരുമാനം ലഭ്യമാവുകയും അതിന്റെ വരുമാനം ഉപയോഗിച്ച് ആസ്തികളുടെ സൗന്ദര്യവൽക്കരണവും അറ്റകുറ്റപ്പണികളും നടത്താനും സാധിക്കും.<br><br>ജലവിഭവ വകുപ്പിന് കീഴിലുള്ള പല വിനോദസഞ്ചാര കേന്ദ്രങ്ങളും സ്ഥിരമായ വരുമാന മാർഗ്ഗങ്ങൾ എന്ന നിലയിൽ മികച്ച വിജയം നേടിയതിന്റെ അടിസ്ഥാനത്തിലും, വകുപ്പിന് കീഴിലുള്ള അണക്കെട്ടുകളും അനുബന്ധ സംവിധാനങ്ങളും കേന്ദ്രീകരിച്ച് ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി പൊതു-സ്വകാര്യ പങ്കാളിത്തത്തിലൂടെ എറണാകുളം ജില്ലയിലെ ഭൂതത്താൻകെട്ട് ബാരേജിൽ **₹25.412** കോടി രൂപയ്ക്കും പാലക്കാട് ജില്ലയിലെ കാഞ്ഞിരപ്പുഴ ഡാമിൽ **₹161.00** കോടി രൂപയ്ക്കും 'ഇറിഗേഷൻ - ടൂറിസം' പദ്ധതി നടപ്പിലാക്കാ നുള്ള സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു .<br><br>ഭൂതത്താൻകെട്ട് ബാരേജ് ഇറിഗേഷൻ ടൂറിസം പദ്ധതിയിലൂടെ ലഭിക്കുന്ന വരുമാനത്തിന്റെ 5 ശതമാനവും, കാഞ്ഞിരപ്പുഴ ഡാം ഇറിഗേഷൻ ടൂറിസം പദ്ധതിയിലൂടെ ലഭിക്കുന്ന വരുമാനത്തിന്റെ 3 |

| | | | |
|---|---|---|---|
| | | | ശതമാനവും സർക്കാരിന് ലഭിക്കും. 30 വർഷമാണ് ഇരു പദ്ധതികളുടെയും നടത്തിപ്പ് കാലയളവ്. പ്രസ്തുത പദ്ധതികൾ കൂടാതെ, ഇടുക്കി ജില്ലയിലെ കാഞ്ഞാർ ഇറിഗേഷൻ ടൂറിസം പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതി എവിടെയെങ്കിലും പ്രാവർത്തികമായിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) | നിലവിൽ ഇറിഗേഷൻ ടൂറിസം പദ്ധതി എങ്ങും പ്രാവർത്തികമായിട്ടില്ല . |
| (സി) | ഇറിഗേഷൻ ടൂറിസം പദ്ധതിയുടെ നടത്തിപ്പിനും മേൽനോട്ടത്തിനുമായി ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച മാനദണ്ഡങ്ങൾ അറിയിക്കുമോ? | (സി) | ഇറിഗേഷൻ ടൂറിസം പദ്ധതികൾ ആവിഷ്കരിക്കുന്നതിന്റെ ഭാഗമായി ജലവിഭവ വകുപ്പിന് കീഴിലുള്ള പൊതുമേഖല സ്ഥാപനമായ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷനെ (കെ.ഐ.ഐ.ഡി.സി.) ഇറിഗേഷൻ - ടൂറിസം പദ്ധതികൾ പ്രാവർത്തികമാക്കാൻ വേണ്ടിയുള്ള നോഡൽ ഏജൻസിയായി നിയോഗിച്ചിട്ടുണ്ട്. അതാത് ഡാമിന്റെ ചാർജ്ജുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയർ ആണ് ആ പ്രദേശം സംബന്ധിച്ചുള്ള ഇറിഗേഷൻ ടൂറിസം നോഡൽ ഓഫീസർ. അദ്ദേഹത്തിന്റെ മേൽനോട്ടത്തിലാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. മാത്രമല്ല 'ഇറിഗേഷൻ ടൂറിസം' പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി മാർഗ്ഗ നിർദ്ദേശങ്ങൾക്ക് രൂപരേഖ നൽകിയിട്ടുണ്ട് .<br><br>ജലസേചന വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തിനും ഭാവി ആവശ്യങ്ങൾക്കും തടസ്സങ്ങൾ വരുന്നില്ല എന്ന് ഉറപ്പാക്കി, പ്രസ്തുത പദ്ധതിയിൽ നിന്ന് ലഭിക്കുന്ന വരുമാനം സംബന്ധിച്ച് കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും വരുമാനം പങ്കിടുന്നത് സംബന്ധിച്ച രേഖകൾ കൃത്യമായി പാലിക്കപ്പെടുന്നുണ്ടോ എന്നും ഉറപ്പ് വരുത്തുന്നത് ജലസേചന വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ആണ്. ഇതിനായി തുറക്കുന്ന അക്കൗണ്ട് ഒരു ദേശസാൽകൃത ബാങ്കിൽ ആയിരിക്കേണ്ടതും ആയത് എക്സിക്യൂട്ടീവ് എഞ്ചിനീയറും ടിയാൾ ചുമതലപ്പെടുത്തുന്ന മറ്റൊരു ഉദ്യോഗസ്ഥന്റെയും കൂട്ടായ കൈയ്യൊപ്പുകളോടെ **Transaction** നടത്താവുന്നതുമാണ്. |

സെക്ഷൻ ഓഫീസർ